പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3096 | 15.12.2015 -ൽ മറുപടിക്ക്

# നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾ വഴി വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതിനാൽ അവ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽനിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, ആട്ട, മണ്ണെണ്ണ എന്നിവ സബ്സിഡി നിരക്കിൽ റേഷൻ കടകൾ വഴി നല്കി വരുന്നു. ബി.പി.എൽ കാർഡുടമകൾക്ക് 25 കിലോഗ്രാം അരി 1 രൂപ നിരക്കിലും, 7 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നല്കി വരുന്നു. സംസ്ഥാനത്ത് 14.6[illegible] ലക്ഷത്തോളം ബി.പി.എൽ കാർഡുകൾ നിലവിലുണ്ട്. എ.പി.എൽ കാർഡുകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 09 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നല്കി വരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 21 ലക്ഷത്തോളം എ.പി.എൽ കാർഡുടമകൾ നിലവിലുണ്ട്. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (സബ്സിഡി സ്കീം) കിലോയ്ക്ക് 2 രൂപ നിരക്കിൽ 09 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നൽകി വരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 41.5 ലക്ഷത്തോളം എ.പി.എൽ സബ്സിഡി കാർഡുടമകൾ നിലവിലുണ്ട്. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരി നൽകി വരുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 5.80 ലക്ഷത്തോളം കാർഡുടമകൾ നിലവിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരും ആദിവാസി വിഭാഗങ്ങളും വിധവകളും മാരകമായ രോഗം |

ബാധിച്ചവരുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകി വരുന്നു. അന്നപൂർണ്ണ വിഭാഗത്തിൽപ്പെട്ട മുപ്പതിനായിരത്തോളം കാർഡുടമകൾ നിലവിലുണ്ട്. 65 വയസ്സ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങളെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ/എ.എ.വൈ വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും നൽകുന്നുണ്ട്. ഉത്സവകാലങ്ങളിൽ എല്ലാ കാർഡുടമകൾക്കും 1 കിലോഗ്രാം വീതം സ്പെഷ്യൽ പഞ്ചസാരയും നൽകി വരുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ഒരു ലിറ്റർ/അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ